**പതിനഞ്ചാം കേരള നിയമസഭ**

FIFTEENTH KERALA LEGISLATIVE ASSEMBLY

# സബ്ജക്ട് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ

(HOME AFFAIRS)

**2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ട പ്രകാരമുള്ളത്]**

2023 സെപ്റ്റംബർ 12-ാം തീയതി സമർപ്പിച്ചത്

(Presented on 12th September, 2023)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

FIFTEENTH KERALA LEGISLATIVE ASSEMBLY

# സബ്ജക്ട് കമ്മിറ്റി XIV
## (SUBJECT COMMITTEE XIV)

# ആഭ്യന്തര കാര്യങ്ങൾ
## (HOME AFFAIRS)

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

830/2023.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIV

(ആഭ്യന്തര കാര്യങ്ങൾ)

(2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. പിണറായി വിജയൻ,

മുഖ്യമന്ത്രി.

<u>അംഗങ്ങൾ</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങിലെ ചട്ടം 236 (5) പ്രകാരം സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV (ആഭ്യന്തര കാര്യങ്ങൾ)-ന്റെ രണ്ടാമത് റിപ്പോർട്ട് 2022 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടികൾ 21-02-2023, 10-08-2023 തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ  പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം ഭാഗത്തിൽ മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2023 ആഗസ്റ്റ് 10-ാം  തീയതി ചേർന്ന യോഗത്തിൽ  ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പിണറായി വിജയൻ,
*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ്കമ്മിറ്റിXIV.*

തിരുവനന്തപുരം,
2023 *സെപ്റ്റംബർ* 11.

## റിപ്പോർട്ട്

### ഭാഗം-I

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.

ശിപാർശ

2013-00-104-99 —അതിഥി സൽക്കാര ചെലവുകൾ

അതിഥി സൽക്കാര ചെലവുകൾ എന്ന ഇനത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 45,00,000 രൂപയാണ്. ടി ശീർഷകത്തിൽ നിന്നും 44,32,671 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി വകയിരുത്തിയ തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യൂ2/47/2023-GAD,തീയതി 30-6-2023)

ശിപാർശ

2051-00-102-99 —പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ളിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചു. ചെയർമാന്റെ ഔദ്യോഗിക വസതിയിലെയും ഓഫീസുകളിലെയും ഗസ്റ്റ് ഹൗസുകളിലെയും വെള്ളക്കരം, കരം, കെട്ടിട വാടക, പി.എസ്.സി. ബുള്ളറ്റിൻ/വജ്ര ജൂബിലി സ്പെഷ്യൽ പതിപ്പ് എന്നിവയുടെ പ്രസിദ്ധീകരണത്തിനുള്ള ചെലവുകൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി

വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 05-1 – | വെള്ളക്കരം | 3.00 ലക്ഷം രൂപ |
| 06 – | വാടക, കരം, നികുതി | 32.43 ലക്ഷം രൂപ |
| 07 – | പ്രസിദ്ധീകരണങ്ങൾ | 65.00 ലക്ഷം രൂപ |

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

2051-00-102-99-05-1 വെള്ളക്കരം എന്ന ശീർഷകത്തിൽ 1,00,000 രൂപയും 2051-00-102-99-06 വാടക, കരം, നികുതി ശീർഷകത്തിൽ 45,65,000 രൂപയും

2051-00-102-99-07- പ്രസിദ്ധീകരണങ്ങൾ ശീർഷകത്തിൽ 70,00,000 രൂപയും അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചു.

(സർക്കാർ കത്ത് നം. 51/സ്പെ.ഇ 1/2023/പൊഭവ. തീയതി 24-4-2023)

ശിപാർശ

2052-00-090-99 —അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ വേതനം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ, സ്ഥലംമാറ്റബത്ത, ടെലിഫോൺ ചെലവ് എന്നീ ഇനങ്ങളിലായി നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം നടപ്പുവർഷത്തെ ചെലവുകൾക്ക് പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 02-1 വേതനം<br>02-2- ക്ഷാമബത്ത<br>02-3 മറ്റ് അലവൻസുകൾ | } 44.0 ലക്ഷം രൂപ |
| 04-2 സ്ഥലംമാറ്റ ബത്ത | - 5.00 ലക്ഷം രൂപ |
| 05-3 ടെലിഫോൺ ചെലവ് | - 15.00 ലക്ഷം രൂപ |

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം 2052-00-090-99-02 (1,2,3)- വേതനം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 74,21,000 രൂപയാണ്. ടി ശീർഷകത്തിൽ നിന്നും 1,00,06,087 രൂപ ചെലവഴിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി 25,85,087 രൂപ ടി ശീർഷകത്തിൽ ചെലവ് വന്നിട്ടുണ്ട്. ശമ്പളം, വേതനം എന്നിവയ്ക്ക് അപ്രോപ്രിയേഷൻ കൺട്രോൾ ബാധകമല്ലാത്തതിനാൽ അധികം ചെലവായ തുക ഫൈനൽ സെറ്റിൽമെന്റിനോടൊപ്പമാണ് റെഗുലറൈസ് ചെയ്യുന്നത്.

2022-23 സാമ്പത്തിക വർഷം 2052-00-090-99-04-2 സ്ഥലംമാറ്റ ബത്ത എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 8,19,000 രൂപയാണ്. ടി ശീർഷകത്തിൽ നിന്നും 4,35,226 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി വകയിരുത്തിയ തുക ആവശ്യമായി വന്നില്ല.

2022-23 സാമ്പത്തിക വർഷം 2052-00-090-99-05-3 ടെലിഫോൺ ചെലവ് എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 76,23,000 രൂപയാണ്. ടി ശീർഷകത്തിൽ നിന്നും 60,77,450 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി വകയിരുത്തിയ തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യൂ2/47/2023-GAD,തീയതി 30-6-2023)

<u>ശിപാർശ</u>

2052-00-090-73 —<u>പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രാന്റ് ഇൻ എയ്ഡ്</u>

31-സഹായധനം- ശമ്പളം

36- സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകരിക്കപ്പെട്ട പരിപാടികൾ, ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ശമ്പള ഇനത്തിൽ 25.15722 ലക്ഷം രൂപയും ശമ്പളേതര ഇനത്തിൽ 72.10 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ്-ഇൻ-എയ്ഡിന്റെ നാല് ഗഡുക്കളായി ആകെ അനുവദിച്ച തുക 75,80,000/- രൂപയാണ്. അതിൽ ശമ്പളയിനത്തിൽ 25,80,000/- രൂപയും ശമ്പളേതരയിനത്തിൽ 50,00,000/- രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. സബ്ജക്ട് കമ്മിറ്റി XIV ശിപാർശ ചെയ്ത പ്രകാരമുള്ള തുകയായ 97.25722 ലക്ഷം രൂപ (25.15722 ലക്ഷം +72.10 ലക്ഷം) Supplementary Demand for Grants-ൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രൊപ്പോസൽ, 28/11/22-ലെ 98/2022/ധന നമ്പർ സർക്കുലറിൽ SDG-യിൽ ഉൾപ്പെടുത്തുന്നതിനായി പരിഗണിക്കേണ്ടുന്ന ഇനങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടതല്ലാത്തതിനാൽ പരിഗണിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ PAD-A2/26/2022 PAD- തീയതി 09.05.2023)

ശിപാർശ

2052-00-090-66—സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻഹൗസ് ട്രെയിനിംഗ് സെൽ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന ഓൺ ദി ജോബ്, ഇൻഡക്ഷൻ പരിശീലന പരിപാടികൾക്കും ഫാക്കൽറ്റി ഫീസ്, റിഫ്രഷ്മെന്റ്, സ്റ്റേഷനറി എന്നീ ഇനങ്ങളിലെയും ചെലവ് നിർവഹിക്കുവാൻ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം തേടിയപ്പോൾ ആദ്യം അനുവദിക്കപ്പെട്ട തുക പൂർണ്ണമായും വിനിയോഗിച്ചതിന് ശേഷം അധിക തുക ആവശ്യപ്പെടാനാണ് അറിയിച്ചത്. ബഡ്ജറ്റ് വിഹിതത്തിന്റെ ആദ്യഗഡു ലഭ്യമായത് 2022 മെയ് മാസം അവസാനമാണ്. ആയതിനാൽ ജൂൺ മാസം മുതലാണ് പരിശീലനപരിപാടികൾ ആരംഭിക്കുവാൻ കഴിഞ്ഞത്. എന്നിരുന്നാലും ബഡ്ജറ്റ് വിഹിതമായി ലഭിച്ച 5 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചു കൊണ്ട് 2022-23-ൽ നടത്തുവാൻ ഉദ്ദേശിച്ചിരുന്ന 5 ഇൻഡക്ഷൻ

ട്രെയിനിങ്ങുകളിൽ 3 എണ്ണം നടത്തുകയുണ്ടായി. നിയമസഭാ സമ്മേളന കാലങ്ങളിൽ ട്രെയിനിംഗ് നടത്തുവാൻ കഴിയാത്തതും ഇൻഹൗസ് ട്രെയിനിംഗ് സെന്ററിന് സ്വന്തമായി ഒരു പരിശീലനകേന്ദ്രത്തിന്റെ അഭാവവും കാരണം ഉദ്ദേശിച്ച ട്രെയിനിംഗ് പ്രോഗ്രാമുകൾ എല്ലാം നിശ്ചയിച്ച സമയപരിധിയ്ക്കകം നടത്തുവാൻ കഴിഞ്ഞില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധികം തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ എ.ആർ-11-3/2023/ഉ.ഭ.പ.വ. തീയതി 09.05.2023)

<u>ശിപാർശ</u>

2052-00-092-93 —<u>കേരളത്തിന്റെ പ്രത്യേക പ്രതിനിധി, ന്യൂഡൽഹി</u>

05.3- <u>ടെലിഫോൺ ചെലവ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും, ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 5.11 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

'2052-00-092-93-05-3-ടെലിഫോൺ ചെലവ് ' എന്ന ശീർഷകത്തിൽ പതിമൂന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരം രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ളത്. എന്നാൽ വൈഫൈ സേവനം നൽകിവന്നിരുന്ന M/s MTNL-ന്റെ കരാർ കാലാവധി അവസാനിച്ചതിനാൽ 13-04-2022-ലെ സ.ഉ.(സാധാ) 68/2022/ഐടി ഉത്തരവ് പ്രകാരം M/s. SPECTRA എന്ന സ്ഥാപനത്തിന് വൈഫൈ സേവനം നൽകാൻ അനുമതി നൽകുകയും ചെയ്തു. പ്രസ്തുത ഉത്തരവ് പ്രകാരം ആദ്യ വർഷത്തെ ഇന്റർനെറ്റ് ചാർജിന്റെ തുക വഹിക്കേണ്ടത് കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനാണ്. ആയതിനാൽ ഈ ഇനത്തിൽ വരുന്ന ചെലവ് നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നു തന്നെ നൽകാൻ കഴിയുന്നതാണ്. ഈ സാഹചര്യത്തിൽ '2052-00-092-93-05-3-ടെലിഫോൺ ചെലവ് 'എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധിക തുക വകയിരുത്തേണ്ടതില്ല.

(സർക്കാർ കത്ത് നമ്പർ 116/പൊളി4/2022/പൊഭവ. തീയതി 27-1-2023)

<u>ശിപാർശ</u>

3451-00 -092-99—മോണിറ്ററിംഗ് യൂണിറ്റ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ അനുവദിച്ചതും അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുള്ള അധിക ചെലവുകൾക്കായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.2413 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 176.03 ലക്ഷം രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം. ആയത് മുഴുവൻ ചെലവഴിക്കുകയും പിന്നീട് പുതിയ തസ്തികകൾ അനുവദിച്ചതും അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുമുള്ള അധിക ചെലവുകൾക്കായി 58.82 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആകെ ലഭിച്ച 234.85 ലക്ഷം രൂപയിൽ 190.12 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലയിലെ ഡി.സി.സിമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടന്നതു മൂലം അവരുടെ ശമ്പള ആനുകൂല്യ ചെലവിനത്തിൽ വന്ന കുറവാണ് 44.73 ലക്ഷം രൂപ ചെലവഴിക്കാതെ വരാനുള്ള കാരണം.

(സർക്കാർ കത്ത് നം. PIEM /128/2022-PIEMD തീയതി 26 -6 -2023)

<u>ശിപാർശ</u>

3451- 00 -092 -95 —<u>ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്</u>

34- <u>മറ്റ് ചെലവുകൾ</u>

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിൽ അനുവദിച്ച ബഡ്ജറ്റ് മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വാഹനത്തിന്റെ വാടകയിനത്തിനും വകുപ്പിന്റെ വെബ് സൈറ്റ് നവീകരണത്തിനും അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 22 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും വാഹനത്തിന്റെ വാടകയിനത്തിനുമായും 2022-23 സാമ്പത്തിക വർഷത്തിൽ 3451-00-092-95-34-3 ശീർഷകത്തിൽ 14-06-2022-ലെ സ.ഉ.(സാധാ)നം.4343/2022/ധന. ഉത്തരവ് പ്രകാരം 22,00,000/- രൂപ (ഇരുപത്തി രണ്ട് ലക്ഷം രൂപ മാത്രം) അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 27,95,000/- രൂപ (ഇരുപത്തേഴ ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തിൽ മതിയാകുന്നതാണ്.

(സർക്കാർ കത്ത് നമ്പർ PLGEA-BPE2/141/2022-PLGEA, തീയതി 23.08.2022)

<u>ശിപാർശ</u>

3451-00-092-92 —<u>കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ</u>

കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാടകയിനത്തിലും ശമ്പളം, വേതനം, വൈദ്യുതി ചാർജ്ജ്, മറ്റിനങ്ങൾ എന്നിവയിലുമുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.02 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിന് പുറമെ ശമ്പളം, വേതനം എന്നീ ഇനങ്ങളിലായി 64,44,000/- രൂപ (അറുപത്തിനാല് ലക്ഷത്തി നാൽപത്തിനാലായിരം രൂപ മാത്രം) 18-05-2023-ലെ സ.ഉ. (സാധാ) നം. 3753/2023/ധന നമ്പർ ഉത്തരവ് മുഖേന അന്തിമ ധനപുന:വിനിയോഗത്തിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.ഡി2/70/2022-പ്ലാനിംഗ്, തീയതി 09.06.2023)

<u>ശിപാർശ</u>

3451-00-092-92 —<u>കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ</u>

34-3-<u>മറ്റിനം</u>

കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ

നടപ്പിലാക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 174.22 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിന് 3451-00-092-92 കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ 34-03 മറ്റിനം എന്ന ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 25 കോടിയിൽ നിന്ന് 9.1785 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ 3451-00-092-87 നോളജ് ഇക്കോണമി ഫണ്ട് എന്ന ശീർഷകത്തിലേയ്ക്ക് വകയിരുത്തുകയുണ്ടായി. ശേഷിച്ച 15.8215 കോടി രൂപയ്ക്ക് പുറമേ 2022-2023 സാമ്പത്തികവർഷത്തെ ഫെബ്രുവരി ജൂലൈ മാസങ്ങളിലെ ഉപധനാഭ്യർത്ഥനകളിലൂടെ 34.4001 കോടി രൂപ 3451-00-092-92 കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ 34-03 മറ്റിനം എന്ന ശീർഷകത്തിൽ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.ഡി2/70/2022-പ്ലാനിംഗ്, തീയതി 09.06.2023)

ശിപാർശ

3451-00-092-87—നോളജ് ഇക്കോണമി ഫണ്ട്

ബഡ്ജറ്റ് വിഹിതം. മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി യുവാക്കൾക്ക് പരിശീലനം, തൊഴിൽ, നോളജ് ഇക്കോണമി മിഷൻ വഴി കേരളത്തിലെ വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിനുള്ള സമഗ്രപരിപാടി എന്നീ പദ്ധതികൾക്കായി തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 180.03 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിന് ധനപുനഃവിനിയോഗത്തിലൂടെ 9.1785 കോടി രൂപ 3451-00-092-92 കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ 34-03 മറ്റിനം എന്ന ശീർഷകത്തിൽ നിന്ന് 3451-00-092-87 നോളജ് ഇക്കോണമി ഫണ്ട് എന്ന ശീർഷകത്തിലേക്ക് വകയിരുത്തുകയുണ്ടായി. അതിനുപുറമേ 2022-23 സാമ്പത്തിക വർഷത്തെ ഫെബ്രുവരി, ജൂലൈ മാസങ്ങളിലെ ഉപധനാഭ്യർത്ഥനകളിലൂടെ 30.0002 കോടി രൂപയും 18-05-2023-ലെ സ.ഉ. (സാധാ) നം. 3753/2023/ധന നമ്പർ ഉത്തരവ് മുഖേന അന്തിമ ധനപുനർവിനിയോഗത്തിലൂടെ 9.2638 കോടി രൂപയും ഉൾപ്പെടെ 39.264 കോടി രൂപ

3451-00-092-87 നോളജ് ഇക്കോണമി ഫണ്ട് എന്ന ശീർഷകത്തിൽ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.ഡി2/70/2022-പ്ലാനിംഗ്, തീയതി 9-6-2023)

ശിപാർശ

3451-00-092-83—പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ ആന്റ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആധുനികവൽക്കരണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.ഡി.ജി. വിഷൻ ഡോക്യുമെന്റ്, ഡാഷ്ബോർഡ് എന്നിവ തയ്യാറാക്കുന്നതിനും ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കുന്നതിനും Hiring of Professional Management Services and Resources for programme and Project Implementation-ന് വേണ്ടിയും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4.74 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ബജറ്റ് വിഹിതമായി ആദ്യ ഘട്ടത്തിൽ 70 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. പിന്നീട് രണ്ട് ഉപ ശീർഷകങ്ങളിലായി 70 ലക്ഷവും, 142 ലക്ഷവും രൂപ ബഡ്ജറ്റിൽ വകയിരുത്തി. ഇതിൽ 142 ലക്ഷം രൂപ 'Hiring of Professional Management Services and Resources' എന്ന ഉപശീർഷകത്തിലാണ് വകയിരുത്തിയിരുന്നത്. ഇപ്രകാരം ആകെ മൊത്തം ലഭിച്ച 282 ലക്ഷം രൂപയിൽ, 175.21 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടെ 2 തസ്തികകൾ ഇടക്കാലത്ത് ഒഴിഞ്ഞു കിടന്നതും, എസ്.ഡി.ജി. വിഷൻ ഡോക്യുമെന്റ് തയ്യാറാക്കൽ, എസ്.ഡി.ജി. ഡാഷ് ബോർഡ് വികസിപ്പിക്കൽ എന്നിവ സാങ്കേതിക കാരണങ്ങളാൽ സി.എം.ഡി., ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവർക്ക് അന്തിമമാക്കാൻ സാധിക്കാത്തതുമാണ് ഈ ശീർഷകത്തിൽ തുക ബാക്കി വരുവാൻ കാരണം.

(സർക്കാർ കത്ത് നം. PIEM1/128/2022-PIEMD, തീയതി 26-6-2023)

ശിപാർശ

2014-00-116-99 - കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വാഹനങ്ങളുടെ അറ്റകുറ്റപണികൾ, ഇന്ധന ചെലവ് എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ

താഴെപ്പറയുന്ന ശീർഷകങ്ങൾക്ക നേരെ കൊടുത്തിട്ടുള്ള തുക ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| **ശീർഷകം** | **അധികമായി വകയിരുത്തേണ്ട തുക** |
|---|---|
| 01-4 - മെഡിക്കൽ റീഇംപേഴ്സ്മെന്റ് | 5.27 ലക്ഷം രൂപ |
| 21-2 - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | 2.32 ലക്ഷം രൂപ |
| 45 - പി.ഒ.എൽ | 2.92 ലക്ഷം രൂപ |

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

01-4 —മെഡിക്കൽ റീഇംപേഴ്സ്മെന്റ്

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 4.73 ലക്ഷം രൂപ അനുവദിച്ചിരുന്നു. അധിക ധനവിനിയോഗ അനുമതി വഴി അധിക തുക ലഭ്യമാക്കിയിട്ടില്ല.

21-2 — മോട്ടോർ വാഹനങ്ങൾ

ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 3.13 ലക്ഷം രൂപ അനുവദിച്ചിരുന്നു. 4,32,000 രൂപ (GO(Rt)No.7294/2022/Fin.,dated 29-10-2022 - Rs.76000 GO(Rt)No. 8063/2022/Fin., dated 28-11-2022 - Rs.97000, GO(Rt)No. 960/2023/Fin., dated 9-2-2023 - Rs. 1,00,000 and GO(Rt)No.2208/2023 Fin., dated 21-3-2023 - Rs. 1,59,000 ) അധിക ധനവിനിയോഗ അനുമതി വഴി അധിക തുക ലഭ്യമാക്കി.

45 —പി.ഒ.എൽ.

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 8.08 ലക്ഷം രൂപ അനുവദിച്ചിരുന്നു. 3,72,000 (GO(Rt)No.7750/2022/Fin., dated 16-11-2022 - Rs. 3,00,000 and GO(Rt)No.2208/2023/Fin., dated 21.03.2023 - Rs. 72,000) അധിക ധനവിനിയോഗ അനുമതി വഴി അധിക തുക ലഭ്യമാക്കി.

(സർക്കാർ കത്ത് നം. എ.ആർ.12-2/53/2022/ഉഭപവ., തീയതി 1-7-2023)

ശിപാർശ

2015-00-101-99 —സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

ബഡ്ജറ്റ് വിഹിതം മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അവധിയാത്രാനുകൂല്യം,വൈദ്യുതി ചെലവ്, ഇന്ധന ചെലവ് എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കൊടുത്തിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| ശീർഷകം | അധികമായി വകയിരുത്തേണ്ട തുക |
|---|---|
| 04-4 - അവധിയാത്രാനുകൂല്യം | 5 ലക്ഷം രൂപ |
| 05-2- വൈദ്യുതി ചെലവ് | 5 ലക്ഷം രൂപ |
| 45- പി.ഒ.എൽ | 2 ലക്ഷം രൂപ |

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

35,000 രൂപ 03-03-2023 ലെ സ.ഉ. (സാധാ) നമ്പർ 1561/2023/ധന നമ്പർ ഉത്തരവ് പ്രകാരം 2015-00-101-99-04-4 അവധിയാത്രാനുകൂല്യം എന്ന ശീർഷകത്തിൽ ധനപുനഃ/വിനിയോഗം വഴി അധികമായി വകയിരുത്തിയിട്ടുണ്ട്.

08-08-2022 ലെ സ.ഉ. (സാധാ) നമ്പർ. 5650/2022/ധന നമ്പർ ഉത്തരവ് പ്രകാരം additional authorisation മുഖേന 2.50 ലക്ഷം രൂപയും 12-01-2023 ലെ സ.ഉ. (സാധാ) നമ്പർ 240/2023/ധന നമ്പർ ഉത്തരവ് പ്രകാരം ധനപുനഃവിനിയോഗം വഴി 3 ലക്ഷം രൂപയും 2015-00-101-99-05-2 വൈദ്യുതി ചെലവ് എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തിയിട്ടുണ്ട്.

20-10-2022 ലെ സ.ഉ. (സാധാ) നമ്പർ. 7056/2022/ ധന നമ്പർ ഉത്തരവ് പ്രകാരം additional authorisation മുഖേന 2 ലക്ഷം രൂപയും 03-03-2023 ലെ സ.ഉ. (സാധാ) നമ്പർ 1561/2023/ധന നമ്പർ ഉത്തരവ് പ്രകാരം 60,000/- രൂപയും 2015-00-101-99-45 പി.ഒ.എൽ എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.ഇ.എം2/27/2022-തസ്വഭവ, തീയതി 15-5-2023)

ശിപാർശ

2015-00-106-99—സംസ്ഥാന കേന്ദ്രഭരണപ്രദേശ നിയമസഭകളിലേക്ക് തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുള്ള ചെലവ് - നിയമസഭ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ പര്യാപ്തമല്ലെന്നും എറണാകുളം ജില്ലയിലെ തൃക്കാക്കര നിയോജകമണ്ഡലത്തിലേയ്ക്കുള്ള ഉപതെരഞ്ഞെടുപ്പ് നടത്തുന്നതിലേക്കാവശ്യമായ ചെലവ് നിർവ്വഹിക്കുന്നതിന് അധികവിഹിതം ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധികമായി 2,06,00,000/- രൂപ ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ ഇ.എ.1/26/2022/ഇലക്. തീയതി 5-8-2022)

ശിപാർശ

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്.

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ പര്യാപ്തമല്ലെന്നും 2021-ലെ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ കൊടുത്തുതീർക്കുവാനും 2022-23-ൽ മട്ടന്നൂർ നഗരസഭാ തെരഞ്ഞെടുപ്പ് നടത്തുന്നതിലേയ്ക്കും മറ്റ് ചെലവുകൾക്കുമായി അധികവിഹിതം ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പിന്റെ 8-8-2022-ലെ സ.ഉ. (സാധാ ) 5650/2022/ധന.

20/10/2022 ലെ സ.ഉ. (സാധാ) നമ്പർ. 7056/2022/ധന 5-1-2023 ലെ സ.ഉ. (സാധാ) നമ്പർ. 74/2023/ധന, 20-2-2023 ലെ സ.ഉ. (സാധാ) നമ്പർ. 1204/23/ധന എന്നീ ഉത്തരവുകൾ പ്രകാരം 50 ലക്ഷം രൂപ വീതം (ആകെ 2 കോടി) additional authorisation മുഖേന അധികമായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ.എം.2/27/2022-തസ്വഭവ തീയതി 15-5-2023)

ശിപാർശ

2062-00-103-99 —കേരള ലോകായുക്ത, 1998

01-1- ശമ്പളം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ 55.85 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 129)

സ്വീകരിച്ച നടപടി

50,00,000/-രൂപ (അൻപത് ലക്ഷം രൂപ) ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ വിജി-സി3/294/2022/വിജി. തീയതി 31-3-2023)

ശിപാർശ

2062-00-103-99 —കേരള ലോകായുക്ത, 1998

01-2-ക്ഷാമബത്ത

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ 23.70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 130)

സ്വീകരിച്ച നടപടി

ചെലവ് ,അനുവദിച്ച വിഹിതത്തിൽ അധികരിക്കാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ വിജി-സി3/294/2022/വിജി. തീയതി 31-3-2023)

ശിപാർശ

2062-00-103-99—കേരള ലോകായുക്ത, 1998

01-3-വീട്ടുവാടക അലവൻസ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിലെ ചെലവുകൾക്കായി 10.00 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 131)

<u>സ്വീകരിച്ച നടപടി</u>

ചെലവ് അനുവദിച്ച വിഹിതത്തിൽ അധികരിക്കാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ വിജി-സി3/294/2022/വിജി. തീയതി 31-3-2023)

<u>ശിപാർശ</u>

2062-00-103—99 <u>കേരള ലോകായുക്ത, 1998</u>

01-4-<u>മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലോകായുക്ത, ഉപലോകായുക്ത, രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, ഓഫീസ് സ്റ്റാഫ് എന്നിവരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ മാറിനൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 132)

<u>സ്വീകരിച്ച നടപടി</u>

05-08-2022 തീയതിയിലെ സ.ഉ.(സാധാ) നം.5595/2022/ധന പ്രകാരം '01-4 മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗത്തിലൂടെ 2,00,000 രൂപയും 09-11-2022-ലെ സ.ഉ.(സാധാ) നം.8073/2022/ധന പ്രകാരം 3,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ വിജി-സി3/294/2022/വിജി. തീയതി 31-3-2023)

<u>ശിപാർശ</u>

2062-00-103-99 —<u>കേരള ലോകായുക്ത, 1998</u>

01-5-<u>മറ്റു അലവൻസുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിലെ ചെലവുകൾക്കായി 5.51 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 133)

<u>സ്വീകരിച്ച നടപടി</u>

അനുവദിച്ച വിഹിതത്തിൽ ചെലവ് അധികരിക്കാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ വിജി-സി3/294/2022/വിജി. തീയതി 31-3-2023)

<u>ശിപാർശ</u>

2062-00-103-99 —<u>കേരള ലോകായുക്ത, 1998</u>

02-5-<u>വേതനം-ദിവസവേതനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദിവസവേതനം, കോ-ടോർമിനസ്സ് ജീവനക്കാരുടെ വേതനം എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 12.55 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 134)

<u>സ്വീകരിച്ച നടപടി</u>

ചെലവ് അനുവദിച്ച വിഹിതത്തിൽ അധികരിക്കാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ വിജി-സി3/294/2022/വിജി. തീയതി 31-3-2023)

<u>ശിപാർശ</u>

2062-00-103-99 —<u>കേരള ലോകായുക്ത , 1998</u>

04-2- <u>യാത്രാബത്ത-സ്ഥലംമാറ്റ ബത്ത</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി രജിസ്ട്രാർക്ക് ട്രാൻസ്ഫർ ഗ്രാന്റ്, റ്റി.എ എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 135)

<u>സ്വീകരിച്ച നടപടി</u>

അനുവദിച്ച വിഹിതത്തിൽ ചെലവ് അധികരിക്കാത്തതിനാൽ അധികതുക ആവശ്യമായിവന്നില്ല.

(സർക്കാർ കത്ത് നമ്പർ വിജിസി3/294/2022-വിജി, തീയതി 31-3-2023)

ശിപാർശ

2062-00-103-99 —കേരള ലോകായുക്ത , 1998

04-4- അവധി യാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലോകായുക്ത, ഉപലോകായുക്ത രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3.70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 136)

സ്വീകരിച്ച നടപടി

അനുവദിച്ച വിഹിതത്തിൽ ചെലവ് അധികരിക്കാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ വിജിസി3/294/2022-വിജി, തീയതി 31-3-2023)

ശിപാർശ

2062-00-103-99 —കേരള ലോകായുക്ത, 1998

06-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലോകായുക്ത രജിസ്ട്രാർ, പുതുതായി ചുമതലയേൽക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവരുടെ വീട്ടു വാടക നൽകുന്നതിനായി അധിക വിഹിതം ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 137)

സ്വീകരിച്ച നടപടി

ചെലവ് അനുവദിച്ച വിഹിതത്തിൽ അധികരിക്കാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ വിജിസി3/294/2022-വിജി, തീയതി 31-3-2023)

ശിപാർശ

2062-00-103-99— കേരള ലോകായുക്ത, 1998

21-1-മോട്ടോർ വാഹനങ്ങൾ

വാഹനങ്ങൾ വാങ്ങൽ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് പ്രസ്തുത ഇനത്തിൽ 2 ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനായി 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 138)

<u>സ്വീകരിച്ച നടപടി</u>

പുതിയ വാഹനങ്ങൾ വാങ്ങുന്ന വിഷയത്തിൽ തീരുമാനമാകാത്തതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നമ്പർ വിജിസി3/294/2022-വിജി. തീയതി 31-3-2023)

<u>ശിപാർശ</u>

2062-00-103-99—<u>കേരള ലോകായുക്ത, 1998</u>

21-2- <u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ കാലപ്പഴക്കം കാരണം അറ്റകുറ്റപ്പണികൾക്ക് കൂടുതൽ തുക ചെലവാകുമെന്നതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 139)

<u>സ്വീകരിച്ച നടപടി</u>

ചെലവ് അനുവദിച്ച വിഹിതത്തിൽ അധികരിക്കാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ വിജി. സി3/294/2022-വിജി, തീയതി 31-3-2023)

<u>ശിപാർശ</u>

2062-00-103-99 —<u>കേരള ലോകായുക്ത, 1998</u>

67-<u>പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഈ ശീർഷകത്തിൽ 24,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 140)

<u>സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ വിജി. സി3/294/2022-വിജി, തീയതി 31-3-2023)

## ശിപാർശ

2062-00-104-99 —വിജിലൻസ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളിൽ 98 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-4- മെഡിക്കൽ റീ.ഇമ്പേഴ്സ്മെന്റ് - 5 ലക്ഷം രൂപ

05-1- വെള്ളക്കരം - 2 ലക്ഷം രൂപ

05-4- മറ്റിനങ്ങൾ - 10 ലക്ഷം രൂപ

06- വാടക, കരം, നികുതി - 10 ലക്ഷം രൂപ

15- രഹസ്യസേവന ചെലവുകൾ - 6 ലക്ഷം രൂപ

21-2- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപണികളും - 15 ലക്ഷം രൂപ

17- ചെറുകിട മരാമത്ത് പണികൾ - 50 ലക്ഷം രൂപ

(ഖണ്ഡിക 141)

## സർക്കാർ സ്വീകരിച്ച നടപടി

03.09.2022 തീയതിയിലെ സ.ഉ.(സാധാ) നം. 6230/2022/ധന പ്രകാരം 2062-00-104-99-04-4 അവധി യാത്ര ആനുകൂല്യം എന്ന ഹെഡിൽ 2 ലക്ഷം രൂപയും 23.12.2022 തീയതിയിലെ സ.ഉ.(സാധാ) നം, 8740/2022/ധന പ്രകാരം 2062-00-104-99-05-1 വെള്ളക്കരം എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും 15.02.2023 തീയതിയിലെ സ.ഉ.(സാധാ) നം. 1117/2023/ധന പ്രകാരം 2062-00-104-99-05-1 വെള്ളക്കരം എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും 2062-00-104-99-05-1-2-വൈദ്യുതി ചാർജ്ജസ് എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്

(സർക്കാർ കത്ത് നമ്പർ വിജി. സി3/294/2022-വിജി, തീയതി 31-3-2023)

## ശിപാർശ

2062-00-105-99 —വിജിലൻസ് ട്രൈബ്യൂണൽ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിരമിച്ച വിജിലൻസ് ട്രൈബ്യൂണൽ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ക്ലെയിമുകൾക്കും കെട്ടിട വാടക തുക തീർപ്പാക്കുന്നതിനും ഓഫീസ് കമ്പ്യൂട്ടർ

ശൃംഖല നവീകരിക്കുന്നതിനും ഫോട്ടോകോപ്പിയർ വാങ്ങുന്നതിനും മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.87 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 142)

<u>സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ വിജി. സി3/294/2022-വിജി. തീയതി 31-3-2023)

<u>ശിപാർശ</u>

2062-00-105-98 —<u>അഡീഷണൽ വിജിലൻസ് ട്രൈബ്യൂണൽ, കോഴിക്കോട്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലവന്റെ വീട്ടുവാടക ഇനത്തിൽ 3 ലക്ഷം രൂപയും പുതിയ കാർ വാങ്ങുന്നതിന് 10 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 143)

<u>സ്വീകരിച്ച നടപടി</u>

23.05.2022- ലെ സ.ഉ.(സാധാ) നം 3851/2022/ധന, 27-10-2022 ലെ സ.ഉ.(സാധാ) നം. 7234/2022/ധന, 23.12.2022- ലെ സ.ഉ.(സാധാ) നം. 8707/2022/ധന എന്നിവ പ്രകാരം വകുപ്പുതലവന്റെ വീട്ടു വാടക ഇനത്തിൽ ഒരു ലക്ഷം രൂപ വീതം ആകെ മൂന്ന് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. (പുതിയ വാഹനം വാങ്ങുന്നതിന് ഭരണാനുമതി നൽകാത്ത സാഹചര്യത്തിൽ ഈയിനത്തിൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല).

(സർക്കാർ കത്ത് നമ്പർ വിജി. സി3/294/2022-വിജി. തീയതി 31-3-2023)

<u>ശിപാർശ</u>

2062-00-105-97 —<u>എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് മേധാവികളുടെ യാത്രാബത്ത, സ്ഥലംമാറ്റബത്ത, ഇന്ധനം, വൈദ്യുതി, കമ്പ്യൂട്ടർവൽക്കരണം, മറ്റ് ഓഫീസ് ചെലവുകൾ

എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 19.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 144)

സ്വീകരിച്ച നടപടി

27-10-2022 ലെ സ.ഉ.(സാധാ) നം. 7260/2022/ധന പ്രകാരം 2062-105-97-05-04 എന്ന ശീർഷകത്തിൽ 1,52,000/ രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ വിജി. സി3/294/2022-വിജി. തീയതി 31-3-2023)

ശിപാർശ

2062-00-105-96 —എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം

04-2 സ്ഥലംമാറ്റബത്ത

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ സ്ഥലംമാറ്റബത്ത അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12,000/- രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 145)

സ്വീകരിച്ച നടപടി

21-12-2022 ലെ സ.ഉ.(സാധാ) നം 8639/2022/ധന പ്രകാരം 2062-00-105-96-04-2 എന്ന ശീർഷകത്തിൽ 12,000/ രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ വിജി. സി3/294/2022-വിജി. തീയതി 31-3-2023)

ശിപാർശ

2062-00-105-94—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോട്ടയം,

06- വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വീട്ടുവാടക ഇനത്തിൽ നിലവിലുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 146)

<u>സ്വീകരിച്ച നടപടി</u>

24-11-2022- തീയതിയിലെ സ.ഉ.(സാധാ) നം.7988/2022/ധന പ്രകാരം 2062-00-105-94-06-00 വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 1,40,000 രൂപ (ഒരു ലക്ഷത്തി നാൽപതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ വിജി. സി3/294/2022-വിജി. തീയതി 31-3-2023)

<u>ശിപാർശ</u>

2062-00-105-90 —<u>എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വിവര സാങ്കേതികവിദ്യ, ശമ്പളം എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയി രുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 147)

<u>സ്വീകരിച്ച നടപടി</u>

9-2-2023 തീയതിയിലെ സ.ഉ.(സാധാ)നം.989/2023/ധന.പ്രകാരം 2062-105-90-05-4 മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 1,56,000 രൂപ (ഒരു ലക്ഷത്തി അൻപത്തിയാറായിരം രൂപ) അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ വിജി. സി3/294/2022-വിജി. തീയതി 31-3-2023)

<u>ശിപാർശ</u>

<u>തിരുവനന്തപുരം വിജിലൻസ് ട്രൈബ്യൂണലിന് സ്ഥിരമായി പുതിയ കെട്ടിടം</u>

വിജിലൻസ് ട്രൈബ്യൂണൽ ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ ഭീമമായ സംഖ്യ വാടകയിനത്തിൽ ചെലവഴിക്കേണ്ടി വരുന്നതായി സമിതി വിലയിരുത്തുന്നു ആയതിനാൽ ഓഫീസ് ആവശ്യങ്ങൾക്കായി ശരാശരി 3000 ചതുരശ്ര അടി വലിപ്പമുള്ള ഒരു കെട്ടിടം അനുയോജ്യമായ സ്ഥലം കണ്ടെത്തി നിർമ്മിക്കുന്നതിനാവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 148)

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം വിജിലൻസ് ട്രൈബ്യൂണലിന് സ്ഥിരമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ തുക വകയിരുത്തേണ്ട ആവശ്യം വന്നില്ല.

(സർക്കാർ കത്ത് നമ്പർ വിജി. സി3/294/2022-വിജി. തീയതി 31-3-2023)

<u>ശിപാർശ</u>

2056-00-001-98—<u>ജയിലുകൾ നവീകരിക്കുന്നതിന്</u>

05-3 <u>ടെലിഫോൺ ചെലവ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബി.എസ്.എൻ.എൽ.-ന് നൽകുവാനുള്ള ബ്രോഡ് ബാൻഡ് കണക്റ്റിവിറ്റി ചാർജ്ജിനായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.0167 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 149)

<u>സ്വീകരിച്ച നടപടി</u>

ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ട് വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ച വകയിൽ 2022-23 വർഷത്തേയ്ക്ക് ബി.എസ്.എൻ.എൽ.-ന് നൽകുവാനുള്ള കണക്റ്റിവിറ്റി Annual Recurring Charge ഇനത്തിൽ ആദ്യ മൂന്നു മാസത്തെ ചാർജായി 26,00,000/ രൂപ (ഇരുപത്തിയാറ് ലക്ഷം രൂപ മാത്രം) 2056-00-001-98-05 ഓഫീസ് ചെലവുകൾ (3) ടെലഫോൺ ചാർജസ് (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് 15-11-2022 -ലെ G.O.(Rt) No. 7696/2022/Fin നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരിക്കുന്നു.

2022-23- ലെ അടുത്ത മൂന്ന് പാദവാർഷിക കാലയളവുകളിലേയ്ക്ക് വാർഷിക ചാർജ്ജിനത്തിൽ ബി.എസ്.എൻ.എൽ.-ന് നൽകേണ്ട 76,24,572 രൂപ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 50,84,000 (അൻപത് ലക്ഷത്തി എൺപത്തിനാലായിരം) രൂപ 6-2-2023 -ലെ G.O (Rt) No. 895/2023/Fin നമ്പർ ഉത്തരവ് പ്രകാരം അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/182/2022/ആഭ്യന്തരം, തീയതി 26-5-2023)

ശിപാർശ

17— ചെറുകിട മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ ജയിലുകളിലെ മരാമത്ത് പണികൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 150)

സ്വീകരിച്ച നടപടി

2056-00-001-98-17 ചെറുകിട മരാമത്ത് പണികൾ (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 90,00,000 (തൊണ്ണൂറ് ലക്ഷം) രൂപ 2022-23 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. എന്നാൽ BAMS-ൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം കാരണം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക മുഴുവനായും വിനിയോഗിക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി2/182/2022/ആഭ്യന്തരം, തീയതി 26-5-2023)

ശിപാർശ

34 -3 മറ്റ് ചെലവുകൾ— മറ്റിനം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ ജയിൽ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 151)

സ്വീകരിച്ച നടപടി

പത്തനംതിട്ട ജില്ലാ ജയിലിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി 2016 ഡി.എസ്.ആർ. പ്രകാരം 13.80 കോടി രൂപ ആവശ്യമായിരുന്നു. അതിൽ 691.13 ലക്ഷം രൂപ നടപ്പുവർഷത്തെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ 2056 എന്ന ജയിൽ വകുപ്പ് ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 11.50 കോടി രൂപയിൽ നിന്നും വഹിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിൽ ശിപാർശ ചെയ്യുകയും, 691.13 ലക്ഷം രൂപ റവന്യൂ

ശീർഷകത്തിൽ നിന്നും മൂലധന ശീർഷകത്തിലേയ്ക്ക് മാറ്റി തുക അനുവദിയ്ക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ തീരുമാനമാകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 691.13 ലക്ഷം രൂപ 2056 എന്ന ശീർഷകത്തിൽ നിന്നും സറണ്ടർ ചെയ്യുന്നതിനും ടി തുക 4059-60-051-71 (പ്ലാൻ) എന്ന മൂലധന ചെലവ് ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും 15-09-2022- ലെ G.O(MS) നം.187/2022/ആഭ്യന്തരം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/182/2022/ആഭ്യന്തരം, തീയതി 26-5-2023)

## ശിപാർശ

## 2056-00-001-89 — സെൻട്രൽ ജയിലുകളിലെ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കൽ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ Implementation Of TETRA Communication system in Central Prisons (Non-Plan) എന്ന ശീർഷകത്തിൽ ടോക്കൺ തുക മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 1.3397 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 152)

## സ്വീകരിച്ച നടപടി

സെൻട്രൽ പ്രിസൺ &കറക്ഷണൽ ഹോമുകളിൽ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി ശിപാർശ ചെയ്തിരുന്ന 1.3397 കോടി രൂപയിൽ 1.298 കോടി രൂപ പദ്ധതി കമ്മീഷൻ ചെയ്ത ശേഷം നിർവ്വഹണ ഏജൻസിയായ സി-ഡാകിനും 4,17,250/- (നാല് ലക്ഷത്തി പതിനേഴായിരത്തി ഇരുന്നൂറ്റി അൻപത്) രൂപ സ്പെക്ട്രം ചാർജ്ജ് ഇനത്തിൽ കേന്ദ്ര ടെലികോം വകുപ്പിലും അടയ്ക്കുവാനുള്ളതാണ്. സി-ഡാകിന് നൽകേണ്ട തുക പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ലഭിച്ചാൽ മതിയെന്നുള്ളതിനാൽ സ്പെക്ട്രം ചാർജ്ജ് അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയും 06-06-2022- ലെ G.O(Rt) No. 4215/2022/Fin നമ്പർ ഉത്തരവ് പ്രകാരം 4,17,000 (നാല് ലക്ഷത്തി പതിനേഴായിരം) രൂപ ടി ശീർഷകത്തിൽ അധികമായി അനുവദിക്കുകയും, പ്രസ്തുത തുക കേന്ദ്ര ടെലികോം വകുപ്പിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/182/2022/ആഭ്യന്തരം, തീയതി 26-5-2023)

ശിപാർശ

2056-00-101-99 — ജയിലുകൾ

05-1- വെള്ളക്കരം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ ബാഹുല്യം നിമിത്തം ജയിലുകളിൽ വെള്ളത്തിന്റെ ഉപഭോഗം വളരെ കൂടുതലായതിനാൽ വെള്ളക്കരം ഇനത്തിൽ കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 153)

സ്വീകരിച്ച നടപടി

തിരുവനന്തപുരം സെൻട്രൽ ജയിലിലെ വെള്ളക്കര കുടിശ്ശിക ഒടുക്കുന്നതിനായി അധിക തുകയായി 63 ലക്ഷം രൂപ ടി ശീർഷകത്തിൽ അനുവദിച്ചുകൊണ്ട് 8-12-2022-ലെ G.O.(Rt) No. 8336/2022/Fin പ്രകാരം ഉത്തരവാകുകയും ടി തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിരുന്നു. കൂടാതെ, 2-2-2023 തീയതിയിലെ G.O (Rt) No. 792/2023/Fin നമ്പർ ഉത്തരവ് പ്രകാരം 20 ലക്ഷം രൂപയും, 24-3-2023 തീയതിയിലെ G.O(Rt) No.2460/2023/Fin നമ്പർ ഉത്തരവ് പ്രകാരം 6 ലക്ഷം രൂപയും അധികമായി അനുവദിച്ചിട്ടു ണ്ട്. അനുവദിച്ച തുകകൾ ഏകദേശം പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/182/2022/ആഭ്യന്തരം, തീയതി 26-5-2023)

ശിപാർശ

06— വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതിയുടെ പുതിയ നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച കെട്ടിട നികുതി ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതിനായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 154)

<u>സ്വീകരിച്ച നടപടി</u>

17.02.2023 -ലെ G.O.(Rt) No. 1177/2023/Fin നമ്പർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ 2056-00-101-99-ജയിലുകൾ - 06 - വാടക, കരം, നികുതി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/182/2022/ആഭ്യന്തരം, തീയതി 26-5-2023)

<u>ശിപാർശ</u>

21 - 2 —<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പഴക്കം ചെന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സ്പെയർ പാർട്സുകൾക്കുമായി അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 155)

<u>സ്വീകരിച്ച നടപടി</u>

10-1-2023 തീയതിയിലെ G.O.(Rt) No. 183/2023/Fin നമ്പർ ഉത്തരവ് പ്രകാരം 42,000 രൂപയും 23-2-2023 തീയതിയിലെ G.O.(Rt) No. 1312/2023/Fin നമ്പർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപയും 2056-00-101-99-ജയിലുകൾ - 21 - മോട്ടോർ വാഹനങ്ങൾ -2 സംരക്ഷണവും അറ്റകുറ്റപ്പണികളും ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്. ടി തുകകൾ പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/182/2022/ആഭ്യന്തരം, തീയതി 26-5-2023)

<u>ശിപാർശ</u>

34 - 3 — <u>മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ വേതനം, ചികിത്സാ ചെലവ്, മരുന്നിന്റെ വിലയിലുണ്ടാകുന്ന വർദ്ധനവ്, ജയിൽ മോചിതരാകുന്ന തടവുകാർക്കുള്ള വേതനം എന്നിവ കണക്കിലെടുക്കുമ്പോൾ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 156)

<u>സ്വീകരിച്ച നടപടി</u>

2023-24 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് SDG യിൽ 2 കോടി രൂപയും 2-2-2023 തീയതിയിലെ G.O.(Rt) No. 792/2023/Fin നമ്പർ ഉത്തരവ് പ്രകാരം 1 കോടി രൂപയും ഉൾപ്പെടെ 2056-00-101-99-ജയിലുകൾ - 34 – മറ്റ് ചെലവുകൾ -3 – മറ്റിനം ശീർഷകത്തിൽ ആകെ 3 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകകൾ ഏകദേശം പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/182/2022/ആഭ്യന്തരം, തീയതി 26-5-2023)

<u>ശിപാർശ</u>

45 —<u>പി.ഒ.എൽ.</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജയിലുകളിലെ ഔദ്യോഗിക ആവശ്യങ്ങൾക്കും തടവുകാരുടെ ആശുപത്രി, കോടതി യാത്രകൾക്കും ജയിൽ വാഹനം ഉപയോഗിക്കുന്നതിനാലും ചില ജയിലുകളിൽ കാർഷിക ആവശ്യത്തിനായി ട്രാക്ടറും ജെ.സി.ബി.യും ഉപയോഗിക്കുന്നതിനാലും ഇന്ധന ഇനത്തിൽ കൂടുതൽ ചെലവ് വരുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇന്ധന വിലയിലുണ്ടാകുന്ന ഗണ്യമായ വർദ്ധനവ് കൂടി കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 157)

<u>സ്വീകരിച്ച നടപടി</u>

BAMS-ൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക ഘട്ടംഘട്ടമായാണ് റിലീസ് ചെയ്തു നൽകിയത്. അതിനാൽ ബഡ്ജറ്റ് തുക നടപ്പ് സാമ്പത്തിക വർഷം അവസാനിക്കാറായപ്പോഴാണ് പൂർണ്ണമായി വിനിയോഗിക്കാൻ സാധിച്ചത്. ആയതിനാൽ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി2/182/2022/ആഭ്യന്തരം, തീയതി 26-5-2023)

<u>ശിപാർശ</u>

56 —<u>ഭക്ഷണവും ധനസഹായവും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ത്രിവേണി, സപ്ലൈകോ, ഹോർട്ടികോർപ്പ്, മത്സ്യഫെഡ്, മിൽമ, ഗ്യാസ് ഏജൻസി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ക്രെഡിറ്റ് വ്യവസ്ഥയിൽ സാധനങ്ങൾ വാങ്ങേണ്ടി വരുന്നുവെന്നതും തടവുകാരുടെ ബാഹുല്യവും ആഹാര

സാധനങ്ങളുടേയും മറ്റു നിത്യോപയോഗ സാധനങ്ങളുടേയും വിലയിലുണ്ടാകുന്ന വർദ്ധനവ് എന്നിവയും കണക്കാക്കുമ്പോൾ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 158)

<u>സ്വീകരിച്ച നടപടി</u>

2023-24 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് SDG യിൽ 3 കോടി രൂപയും, 2-2-2023 തീയതിയിലെ G.O(Rt) NO.792/2023/Fin നമ്പർ ഉത്തരവ് പ്രകാരം 2 കോടി രൂപയും, 17-3-2023 തീയതിയിലെ G.O(Rt) NO.2033/2023/Fin നമ്പർ ഉത്തരവ് പ്രകാരം 1 കോടി രൂപയും ഉൾപ്പെടെ 2056-00-101-99-ജയിലുകൾ -56-ഭക്ഷണവും ധനസഹായവും ശീർഷകത്തിൽ ആകെ മൊത്തം 6 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകകൾ ഏകദേശം പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/182/2022/ആഭ്യന്തരം, തീയതി 26-5-2023)

<u>ശിപാർശ</u>

2058-00-001-99 —<u>സ്റ്റേഷനറിയും അച്ചടിയും - ഭരണവും നടത്തിപ്പും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ നടപടികളുടെ ഭാഗമായി ക്ഷാമബത്ത, വീട്ടുവാടക ബത്ത തുടങ്ങിയ അധിക ചെലവുകൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.3141 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 159)

<u>സ്വീകരിച്ച നടപടി</u>

28-1-2023-ലെ സ.ഉ.(സാധാ) 698/2023/ധന നമ്പർ ഉത്തരവ് പ്രകാരം 2058-00-101-99-00-24 എം & എസ് എന്ന ശീർഷകത്തിൽ നിന്നും 75,000 രൂപ ധനപുനഃവിനി യോഗത്തിലൂടെ 2058-00-001-99-00-01-4 മെഡിക്കൽ റീ-ഇമ്പേ ഴ്സ്മെന്റ് എന്ന ഉപശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. എസ്.പി.ഡി-സി3/248/2022-എസ്.പി.ഡി., തീയതി 23-6-2023)

## ശിപാർശ

2058-00-103-99 —ഗവൺമെന്റ് പ്രസ്സുകൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ഓവർടൈം അലവൻസ് മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ കൊടുക്കുന്നതിനും വാടക, കരം, നികുതി, മറ്റ് അലവൻസുകൾ എന്നിവ കൊടുക്കുന്നതിനും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും നൽകുന്നതിനും അച്ചടിക്ക് വേണ്ടസാധനസാമഗ്രികൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| 01-6 | - | ഓവർ ടൈം അലവൻസ് | 1 കോടി രൂപ |
| 05-4 | - | മറ്റിനങ്ങൾ | 3 ലക്ഷം രൂപ |
| 21-2 | - | മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 1 ലക്ഷം രൂപ |
| 24 | - | സാധനസാമഗ്രികൾ | 2.30 കോടി രൂപ |
| 34-3 | - | മറ്റു ചെലവുകൾ - മറ്റിനം | 21 ലക്ഷം രൂപ |
| 45 | - | പി.ഒ.എൽ. | 4 ലക്ഷം രൂപ |

(ഖണ്ഡിക 160)

## സ്വീകരിച്ച നടപടി

01-06-ഓവർടൈം അലവൻസ് എന്ന ശീർഷകത്തിൽ ധനവകുപ്പിന്റെ വിവിധ ഉത്തരവുകൾ പ്രകാരം 79,27,000 രൂപ അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

05-04-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 23.11.2022-ലെ സ.ഉ.(സാധാ) നം. 7962/2022/ധന, 23-03-2023-ലെ സ.ഉ.(സാധാ) നം. 2294/2023/ധന എന്നീ ഉത്തരവുകൾ പ്രകാരം 10,10,000 രൂപ അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

21-2- സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ അധിക ധനാനുമതി വഴി തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

24- സാധന സാമഗ്രികൾ എന്ന ശീർഷകത്തിൽ 23-11-2022-ലെ സ.ഉ.(സാധാ) നം. 7962/2022/ധന, 19-1-2023-ലെ സ.ഉ.(സാധാ) നം. 403/2023/ധന എന്നീ ഉത്തരവുകൾ പ്രകാരം 1,60,06,000 രൂപ അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

34-3- മറ്റു ചെലവുകൾ മറ്റിനം എന്ന ശീർഷകത്തിൽ 23-11-2022-ലെ സ.ഉ.(സാധാ) നം. 7962/2022/ധന, 17-1-2023-ലെ സ.ഉ.(സാധാ) നം. 349/2023/ധന എന്നീ ഉത്തരവുകൾ പ്രകാരം 23,13,900/- രൂപ അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

45- പി.ഒ.എൽ. എന്ന ശീർഷകത്തിൽ 23-11-2022-ലെ സ.ഉ.(സാധാ) നം. 7962/2022/ധന, 17-3-2023-ലെ സ.ഉ.(സാധാ) നം.1669/2023/ധന എന്നീ ഉത്തരവുകൾ പ്രകാരം 3,60,000 രൂപ അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. എസ്.പി.ഡി-സി13/248/2022-എസ്.പി.ഡി., തീയതി 23-6-2023)

## ശിപാർശ

2070-00-003-97 —ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

31 - സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ശമ്പളവും ഇ.പി.എഫ്., ഗ്രാറ്റുവിറ്റി തുടങ്ങിയ മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 13.0220 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 161)

## സ്വീകരിച്ച നടപടി

2070-00-003-97 - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് - 31 - സഹായധനം - ശമ്പളം എന്ന ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 8.1175 കോടി രൂപ (പദ്ധതിയേതരം) വകയിരുത്തിയിരുന്നു. എന്നാൽ 2022-2023 സാമ്പത്തിക വർഷം നോൺ പ്ലാൻ - സാലറി ശീർഷകത്തിൽ 6,83,81,250 രൂപ മാത്രമേ (ആറു കോടി എൺപത്തി മൂന്നു ലക്ഷത്തി എൺപത്തൊന്നായിരത്തി ഇരുന്നൂറ്റി അൻപതു രൂപ മാത്രം) അനുവദിച്ചിരുന്നുള്ളൂ.

ഇതിൽ 6,40,55,810 രൂപ 28-3-2023 വരെ ചെലവഴിക്കുകയുണ്ടായി. അവശേഷിച്ച 43,25,440 രൂപ (നാൽപ്പത്തി മൂന്നു ലക്ഷത്തി ഇരുപത്തയ്യായിരത്തി നാനൂറ്റി നാൽപ്പത് രൂപ മാത്രം) 31-3-2023-ന് ഗവൺമെന്റ് resume ചെയ്തിരുന്നതിനാൽ മാർച്ച് മാസത്തെ ശമ്പളം own fund-ൽ നിന്നും ചെലവഴിക്കുകയുണ്ടായി. ആയതിനാൽ, അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം. എ.ആർ. 13(1)/23/2022/ഉഭപവ, തീയതി 29-5-2023)

ശിപാർശ

2070-106-99 —സിവിൽ ഡിഫൻസ്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സിവിൽ ഡിഫൻസ് വോളണ്ടിയർമാരെ റിക്രൂട്ട് ചെയ്യുന്നതിനും പരിശീലനം നൽകുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 162)

സ്വീകരിച്ച നടപടി

സിവിൽ ഡിഫൻസ് വോളണ്ടിയർമാരുടെ പരിശീലനത്തിന് ചെലവായ തുക നൽകുന്നതിനായി സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2070-00-106-99-34-3-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ സ.ഉ. (ആർ.ടി.) നം. 7444/2022/ധനകാര്യം തീയതി: 3-11-2022 പ്രകാരം 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) അഡീഷണൽ ഫണ്ടായി അനുവദിച്ചിട്ടുള്ളതും പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നം. എഫ് 2/206/2022/ആഭ്യന്തരം, തീയതി 21-7-2023)

ശിപാർശ

2070-00-108-99 —അഗ്നി പ്രതിരോധവും നിയന്ത്രണവും

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേയ്ക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 163)

<u>സ്വീകരിച്ച നടപടി</u>

അഗ്നിരക്ഷാ സേവന വകുപ്പിന്റെ വിവര സാങ്കേതിക പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ജീവനക്കാർക്ക് വിവരസാങ്കേതിക വിദ്യ സംബന്ധിച്ച പരിശീലനം നല്കുന്നതിനും വകുപ്പിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനും മറ്റ് ഐ.ടി.പരമായ പ്രവർത്തനങ്ങൾക്കുമായി രൂപീകരിച്ച ഐ.ടി. വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 5,38,000 രൂപ (അഞ്ച് ലക്ഷത്തിമുപ്പത്തിയെട്ടായിരം രൂപ മാത്രം) ധനപുനഃവിനിയോഗം വഴി 2070-00-108-99-00-99 വിവര സാങ്കേതിക വിദ്യ എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളതും പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നം. എഫ് 2/206/2022/ആഭ്യന്തരം, തീയതി 21-7-2023)

<u>ശിപാർശ</u>

2070-00-108-98—<u>പ്രതിരോധവും നിയന്ത്രണവും</u>

01- <u>ജില്ലാ ജീവനക്കാർ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ നിലവിലെ യാത്രാബത്ത കുടിശ്ശികകൾ, സംരക്ഷണവും അറ്റകുറ്റപ്പണികളും, ഇന്ധനം എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 164)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 21-2 സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 8418/2022/ധന തീയതി, 13-12-2022 പ്രകാരം 35,00,000 രൂപയും (മുപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) 45- ഇന്ധനം എന്ന ശീർഷകത്തിൽ 2,25,00,000 രൂപയും (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപാ മാത്രം) അഡീഷണൽ ഫണ്ടായി അനുവദിച്ചിട്ടുള്ളതും പ്രസ്തുത തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നം. എഫ് 2/206/2022/ആഭ്യന്തരം, തീയതി 21-7-2023)

ശിപാർശ

2070-00-108-97 —പരിശീലനം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ യാത്രാബത്ത, മോട്ടോർ വാഹനങ്ങൾ, ഇന്ധനം എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 165)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 21-മോട്ടോർ വാഹനങ്ങൾ -2-റിപ്പയർ ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം. 7894/2022/ധന തീയതി 22-11-2022 പ്രകാരം 50,000 രൂപ (അമ്പതിനായിരം രൂപാ മാത്രം) അഡീഷണൽ ഫണ്ടായി അനുവദിച്ചിട്ടുണ്ട്. 45-ഇന്ധനം ശീർഷകത്തിൽ സർക്കാർ ഉത്തരവ് നം. 5016/2022/ധന തീയതി 11-7-2022 പ്രകാരം 1,00,000 രൂപയും (ഒരു ലക്ഷം രൂപാ മാത്രം) സ.ഉ (ആർ.ടി.) 7894/2022/ധന തീയതി 22-11-2022 പ്രകാരം 1,00,000 രൂപയും (ഒരു ലക്ഷം രൂപ മാത്രം) അഡീഷണൽ ഫണ്ടായി അനുവദിച്ചിട്ടുള്ളതും പ്രസ്തുത തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നം. എഫ് 2/206/2022/ആഭ്യന്തരം, തീയതി 21-7-2023)

ശിപാർശ

2070-00-119-97-ഭരണഭാഷ നടപ്പാക്കൽ

05.4- ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകൽ ഭാഷാമാറ്റപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ, ശില്പശാലകൾ സംഘടിപ്പിക്കൽ, ഔദ്യോഗികഭാഷാവകുപ്പിന് സ്വന്തമായി ഒരു വെബ്സൈറ്റ് രൂപീകരിക്കൽ, ഭരണഭാഷാ വാരാഘോഷം, ഭാഷാസഹായക ഗ്രന്ഥങ്ങൾ വാങ്ങിനൽകൽ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2.8990 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 170)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തികവർഷം വകുപ്പിന്റെ ചെലവുകൾക്കായി '2070-06-119-97-05-4 മറ്റിനങ്ങൾ' എന്ന ശീർഷകത്തിൽ ബജറ്റിൽ അനുവദിക്കപ്പെട്ട തുക 2.1 ലക്ഷം രൂപ മാത്രമാണ്. ടി തുക തികച്ചും അപര്യാപ്തമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുകയായ 2,89,90,000 രൂപയിൽ 6,30,000 രൂപ 2070-00-119-97-05-4- മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകുന്നതിന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം 29-9-2022- ലെ ജി.ഒ. (ആർ.ടി) നം. 326/2022/ പി & എആർഡി നമ്പർ പ്രകാരം മലയാളദിനാഘോഷപരിപാടിയുടെ നടത്തിപ്പിനും ഭരണഭാഷാപ്രയോഗം സംബന്ധിച്ച പുരസ്കാര വിജയികൾക്ക് സമ്മാനം നൽകുന്നതിനുമായി 6,00,000 രൂപയും ഭരണരംഗത്തുപയോഗിക്കുന്ന ഇതരഭാഷാപദങ്ങളും അവയുടെ മലയാളരൂപങ്ങളും പ്രദർശിപ്പിക്കുന്നതിനായി ഡിജിറ്റൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവുകൾക്കായി 30,000 രൂപയും 2022-23 സാമ്പത്തികവർഷത്തെ 2070-00-119-97-05-4 എന്ന ശീർഷകത്തിൽ നിന്നു വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 6,30,000 രൂപ 27-10-2022 -ലെ ജി.ഒ. (ആർ.ടി)നം.7220/2022/ഫിൻ പ്രകാരം ധനകാര്യവകുപ്പിൽ നിന്ന് അനുവദിച്ചുത്തരവായി. ടി ഉത്തരവ് പ്രകാരം മലയാളദിനാഘോഷപരിപാടിയുടെ നടത്തിപ്പിനും ഭരണഭാഷാപ്രയോഗം സംബന്ധിച്ച പുരസ്കാരവിജയികൾക്ക് സമ്മാനം നൽകുന്നതിനുമായി ആകെ 3,39,282 രൂപയും ഡിജിറ്റൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനായി 29,850 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾക്കായി ആകെ ചെലവായ തുക 3,69,132 രൂപയാണ്. ടി തുകയും വകുപ്പിന്റെ മറ്റു ചെലവുകൾക്കായി ഉപയോഗിച്ച 30,983 രൂപയും ഉൾപ്പെടെ ആകെ 4,00,115 - രൂപയാണ് 2022-2023 സാമ്പത്തികവർഷം 2070-00-119-97-05-4-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽനിന്ന് വിനിയോഗിച്ചത്. ബജറ്റ് വിഹിതമായ 2,10,000 രൂപയ്ക്കുപുറമേ ചെലവായ 1,90,115 രൂപ (തുക ആയിരത്തിൽ റൗണ്ട് ഓഫ് ചെയ്ത് 1,91,000 രൂപ) റീ അപ്രോപ്രിയേഷൻ മുഖേന ക്രമീകരിച്ചുകൊണ്ട് 16-05-2023-ലെ ജി.ഒ.(ആർ.ടി)നം.3694/2023/ഫിൻ പ്രകാരം ഉത്തരവായിട്ടുണ്ട്.

(സർക്കാർ കത്ത് നം. ഒ.എൽ1/21/2022/പി & എ.ആർ.ഡി. തീയതി 27-7-2023)

<u>ശിപാർശ</u>

4058-00-103-95 — <u>സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അച്ചടി ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും പ്ലാൻ റൈറ്റ് അപ്പ് പ്രകാരമുള്ള മെഷീൻ പർച്ചേസിനുമായി ബഡ്ജറ്റ്

വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 171)

<u>സ്വീകരിച്ച നടപടി</u>

അധിക ധനാനുമതി വഴിയോ, ധനപുനർവിനിയോഗം വഴിയോ ടി ശീർഷകത്തിൽ തുകയൊന്നും തന്നെ അധികമായി അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. എസ്.പി.ഡി-സി3/248/2022-എസ്.പി.ഡി., തീയതി 23-6-2023)

<u>ശിപാർശ</u>

4058-00-800-97 — <u>യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം / സ്ഥലം വാങ്ങൽ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിന് കെട്ടിടം പണിയുന്നതിനും ഉപഓഫീസുകളുടെ അറ്റകുറ്റപ്പണികൾക്കുമായി അധികതുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 172)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. എസ്.പി.ഡി-സി3/248/2022-എസ്.പി.ഡി., തീയതി 23-6-2023)

ശിപാർശ

4059-01-051-55 — <u>കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പുതിയ കെട്ടിടത്തിന് രണ്ടാം നില നിർമ്മാണവും നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണവും - വൻകിട മരാമത്ത് പണികൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കെട്ടിടത്തിന് രണ്ടാം നില നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണത്തിനും അനുവദിച്ചിട്ടുള്ള വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.2152385 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 173)

<u>സ്വീകരിച്ച നടപടി</u>

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ അധിക തുക ലഭ്യമാക്കിയിട്ടില്ല.

(സർക്കാർ കത്ത് നം. എ.ആർ.12-2/53/2022/ഉഭപവ., തീയതി 1-7-2023)

<u>ശിപാർശ</u>

3425-60-200-71—<u>കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ്</u>

31 - <u>സഹായധനം - ശമ്പളം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൗൺസിലിന് കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, ശമ്പള പരിഷ്കരണം നടപ്പിലാക്കൽ എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 16 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 174)

<u>സ്വീകരിച്ച നടപടി</u>

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റിന് 2022-2023 സാമ്പത്തിക വർഷത്തിൽ 3425-60-200-71-31 സഹായധനം ശമ്പളം എന്ന ശീർഷകത്തിൽ അധികമായി ആവശ്യമുള്ള 16 കോടി രൂപ അനുവദിക്കുന്നതിന് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയിരുന്നെങ്കിലും തുക 2022-2023 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു നൽകിയിരുന്നില്ല.

(സർക്കാർ കത്ത് നം. എ 2/76/2022-എസ്സ് & റ്റി. ഡി. തീയതി 12-4-2023)

<u>ശിപാർശ</u>

3425-60-200-55 —<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)</u>

31 – <u>സഹായധനം - ശമ്പളം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് CSIR നിരക്കിലും സംസ്ഥാന സർക്കാർ നിരക്കിലും ശമ്പള പരിഷ്കരണം അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.4627236 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 175)

<u>സ്വീകരിച്ച നടപടി</u>

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)-ക്ക് 2022-2023 സാമ്പത്തിക വർഷത്തിൽ 3425-60-200-55-31 സഹായധനം എന്ന ശീർഷകത്തിൽ ശമ്പള ഇനത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധികമായി തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം. എ 2/76/2022-എസ്സ് & റ്റി. ഡി. തീയതി 12-4-2023)

<u>ശിപാർശ</u>

2220-60-101-99 —<u>പരസ്യവും ദൃശ്യപ്രചരണവും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചും വികസന പ്രവർത്തനങ്ങളെക്കുറിച്ചും പരസ്യങ്ങൾ നൽകിയ വകയിലുള്ള കുടിശ്ശിക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 177)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം 2220-60-101-99 - പരസ്യവും ദൃശ്യപ്രചരണവും ശീർഷകത്തിൽ 13.60 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിക്കുവാൻ സാധിക്കാത്തതിനാൽ അധിക ഫണ്ട് ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം. ബി2/17/2022/ഐ.&പി.ആർ. തീയതി 20-4-2023)

ശിപാർശ

2220-60-101-98 — പ്രചരണ സാമഗ്രികൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ-റെയിൽ പദ്ധതി "സിൽവർ ലൈൻ അറിയേണ്ടതെല്ലാം" എന്ന പുസ്തകത്തിന്റെ അച്ചടിക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6.15 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 178)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 1,71,00,000 രൂപ അനുവദിക്കുകയും ഇതിൽ 1,06,60,353 രൂപ ചെലവഴിച്ചിട്ടുമുണ്ട്. കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട പുസ്തകം പ്രസിദ്ധീകരിക്കാത്തതിനാൽ കൂടുതൽ തുക ആവശ്യമായിവന്നില്ല.

(സർക്കാർ കത്ത് നം. ബി2/17/2022/ഐ.&പി.ആർ. തീയതി 20-4-2023)

ശിപാർശ

2220-60-101-97-02—പരസ്യത്തിനുള്ള ചെലവുകൾ – ഇലക്ട്രോണിക്/ ദൃശ്യമാധ്യമം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരസ്യങ്ങൾ നൽകിയ വകയിൽ ഇലക്ട്രോണിക് മീഡിയ വിഭാഗത്തിലുള്ള കുടിശ്ശിക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 179)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ 4.125 കോടി രൂപ വകയിരുത്തിയിരുന്നു. കൂടാതെ 23/12/2022-ലെ സ.ഉ, (സാധാ) നം. 8723/2022/ധന ഉത്തരവ് പ്രകാരം 3 കോടി രൂപ അധിക ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. ബി2/17/2022/ഐ. & പി. ആർ. തീയതി 20-4-2023)

ശിപാർശ

2220-60-800-97 — പത്രപ്രവർത്തകർക്ക് ക്ഷേമനിധി സംഭാവന

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 17.56 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 180)

സ്വീകരിച്ച നടപടി

അവശ പത്രപ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും സാമ്പത്തിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതം നൽകുന്നതിലേയ്ക്കായി ബഡ്ജറ്റിൽ 2022-23 സാമ്പത്തിക വർഷത്തിൽ 37,44,000 രൂപ അനുവദിക്കുകയും ഇതിൽ 31,78,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നം. ബി2/17/2022/ഐ.&പി.ആർ. തീയതി 20-4-2023)

ശിപാർശ

2220-60-800-91 — കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം 1993

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും, പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4.5022 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 181)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 7,06,13,000/- രൂപ അനുവദിക്കുകയും കൂടാതെ 17.01.2023 തീയതിയിലെ സ.ഉ.(സാധാ) നം. 346/2023/ധന ഉത്തരവ് പ്രകാരം 1,31,01,000/- രൂപ അധികമായി അനുവദിക്കുകയും ഇതിൽ 8,33,75,500/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നം. ബി2/17/2022/ഐ.&പി.ആർ. തീയതി 20-4-2023)

ശിപാർശ

2220-60-800-89 — പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമപദ്ധതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വം നേടാതെ പത്രസ്ഥാപനങ്ങളിൽ നിന്നും വിരമിച്ച പ്രമുഖ വ്യക്തികൾക്കും അവരുടെ ആശ്രിതർക്കും പെൻഷനും കുടിശ്ശികയും നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 21.92 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 182)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 24,63,000 രൂപ വകയിരുത്തുകയും ഇതിൽ 24,16,000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നം. ബി2/17/2022/ഐ.&പി.ആർ. തീയതി 20-4-2023)

ശിപാർശ

2220-60-800-81 — കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം 1999

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വാങ്ങുന്ന പത്രപ്രവർത്തകേതര ജീവനക്കാരുടെ എണ്ണം വർദ്ധിച്ചതിനാലും പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 11.1329 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 183)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച 9,46,44,000/- രൂപയ്ക്ക് പുറമെ 18/01/2023 തീയതിയിലെ സ.ഉ. (സാധാ) നം. 361/2023/ധന ഉത്തരവ് പ്രകാരം 2,81,50,000/- രൂപ അധികമായി അനുവദിക്കുകയും ഇതിൽ 12,15,45,254/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നം. ബി2/17/2022/ഐ. & പി. ആർ. തീയതി 20-4-2023)

ശിപാർശ

3475-00-115-99 — കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ആർ.കെ.ഐ.)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ റവന്യൂ ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 184)

സ്വീകരിച്ച നടപടി

3475-00-115-99 - കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ എന്ന ശീർഷകത്തിൽ 12-04-2022 -ലെ സ.ഉ.(സാധാ) നം. 2931/2022/ധന പ്രകാരം 60 ലക്ഷം രൂപയും 17-05-2022 ലെ സ.ഉ.(സാധാ) നം. 3664/2022/ധന പ്രകാരം 2.90 കോടി രൂപയും (ആകെ 3.5 കോടി രൂപ) അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. ആർ.കെ.ഐ 3/16/2022-ആസാവ, തീയതി 20-6-2023)

ശിപാർശ

5475-00-115-93 —കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (കെ.എഫ്.ഡബ്ള്യു സഹായം - ആർ.കെ.ഡി.പി. പ്രോജക്ട് ലോൺ)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എഫ്.ഡബ്ള്യു സഹായത്തോടെയുള്ള റോഡുകൾക്കായി തുക വകയിരുത്തണമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 500 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 185)

സ്വീകരിച്ച നടപടി

5475-00-115-93-03 - കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (കെ.എഫ്.ഡബ്ള്യു സഹായം) എന്ന ശീർഷകത്തിലേക്ക് 25-08-2022 -ലെ സ.ഉ.(സാധാ) നം. 6025/2022/ധന പ്രകാരം 150 കോടി രൂപയും 29-12-2022 -ലെ സ.ഉ.(സാധാ) നം. 8897/2022/ധന പ്രകാരം 130 കോടി രൂപയും (ആകെ 280 കോടി രൂപ) അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. ആർ.കെ.ഐ 3/16/2022-ആസാവ, തീയതി 20-6-2023)

ശിപാർശ

5475-00-190-99 — വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (വിവിധ്)

ബഡ്ജറ്റ് വിഹിതം മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ വർക്കല രംഗകലാകേന്ദ്രത്തിന്റെ അധിക അടിസ്ഥാന സൗകര്യ വികസനം, വർക്കല ശിവഗിരി റെയിൽവേ സ്റ്റേഷൻ വികസനം, ജിയോ സ്പേഷ്യൽ ഇൻഫർമേഷൻ പദ്ധതി, വർക്കല ജിയോ-ഹെറിറ്റേജിന്റെ ഇന്റർനാഷണൽ സെമിനാർ എന്നിവയുടെ നടത്തിപ്പിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 186)

സർക്കാർ സ്വീകരിച്ച നടപടി

5475-00-190-99 ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഡി1/157/2022-ആസാവ തീയതി 16-5-2023)

ശിപാർശ

4859-02-004-96 —സൈബർ പാർക്ക്

ബഡ്ജറ്റ് വിഹിതം മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 14.37 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 187)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം സൈബർ പാർക്കിനായി 4859-02-004-96 ശീർഷകത്തിൽ 11.83 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്നു. അതിൽ 6.8 കോടി രൂപ മാത്രമാണ് അനുവദിച്ചത്. പ്രസ്തുത സ്ഥാപനങ്ങൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പായി ബജറ്റ് വിഹിതം വിനിയോഗിച്ച് തീർത്തിരുന്നില്ല. ഈ സാഹചര്യത്തിൽ ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നിട്ടില്ല. അതിനാൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം നൽകിയിട്ടില്ല.

(സർക്കാർ കത്ത് നം. ഐ.ടി.എ 1/184/2022-ഐ.ടി.ഡി., 29-7-2023)

<u>ശിപാർശ</u>

4859-02-004-95 —<u>വിവര സാങ്കേതിക വിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനും</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടെക്നോപാർക്കിന്റെ ഘട്ടം 1-ൽ കൊമേഴ്സ്യൽ ബിൽഡിംഗ് നിർമ്മാണത്തിനും ഘട്ടം-1V ആയ ടെക്നോസിറ്റിയ്ക്കുള്ളിലെ റോഡിലും കോമ്പൗണ്ട് വാളിനും ടെക്നോപാർക്കിന്റെ ഭൂമി ഏറ്റെടുക്കലിനും എൽ.എ.ആർ. കേസുകളുടെ തീർപ്പാക്കലിനും വേണ്ടി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 16 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 188)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം ടെക്നോപാർക്കിനായി 4859-02-004-95 ശീർഷകത്തിൽ 25.50 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്നു. അതിൽ 12.90 കോടി രൂപ മാത്രമാണ് അനുവദിച്ചത്. പ്രസ്തുത സ്ഥാപനം സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പായി ബജറ്റ് വിഹിതം വിനിയോഗിച്ച് തീർത്തിരുന്നില്ല. ഈ സാഹചര്യത്തിൽ ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നിട്ടില്ല. അതിനാൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം നൽകിയിട്ടില്ല.

(സർക്കാർ കത്ത് നം. ഐ.ടി.എ 1/184/2022-ഐ.ടി.ഡി., 29-7-2023)

<u>ശിപാർശ</u>

4859-02-004-94-1 <u>— ഇൻഫോപാർക്ക്, കൊച്ചി</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻഫോപാർക്ക് ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും അടിസ്ഥാനസൗകര്യവികസനത്തിനും ഇൻഫോപാർക്ക്, കൊച്ചിയുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 28 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 189)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം ഇൻഫോപാർക്കിനായി 4859-02-004-94-01 ശീർഷകത്തിൽ 24 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്നു. അതിൽ 9.46 കോടി രൂപ മാത്രമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനം സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പായി ബജറ്റ് വിഹിതം വിനിയോഗിച്ചു തീർത്തിരുന്നില്ല. ഈ സാഹചര്യത്തിൽ ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നിട്ടില്ല. അതിനാൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം നൽകിയിട്ടില്ല.

(സർക്കാർ കത്ത് നം. ഐ.ടി.എ 1/184/2022-ഐ.ടി.ഡി., 29-7-2023)

<u>ശിപാർശ</u>

4859-02-004-94-02 —<u>ഇൻഫോപാർക്ക്, തൃശ്ശൂർ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻഫോപാർക്ക്, കൊരട്ടി വില്ലകളുടെ നവീകരണ പ്രവൃത്തികൾക്കായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 190)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം ഇൻഫോപാർക്കിനായി 4859-02-004-94-02 ശീർഷകത്തിൽ 9 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്നു. അതിൽ 4.50 കോടി രൂപ മാത്രമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പായി ബജറ്റ് വിഹിതം വിനിയോഗിച്ച് തീർത്തിരുന്നില്ല. ഈ സാഹചര്യത്തിൽ ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നിട്ടില്ല. അതിനാൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം നൽകിയിട്ടില്ല.

(സർക്കാർ കത്ത് നം. ഐ.ടി.എ 1/184/2022-ഐ.ടി.ഡി., 29-7-2023)

<u>ശിപാർശ</u>

4859-02-004-91 —<u>ഇന്ത്യാ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ</u>

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത വികസന പദ്ധതിയായ ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീനിന്റെ മൂലധന ഇൻഫ്രാസ്ട്രക്ച്ചറിനായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 191)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം ഇന്ത്യാ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീനിനായി 4859-02-004-94-01 ശീർഷകത്തിൽ 3 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്നു. ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി വകയിരുത്തിയിരുന്നത് ഉൾപ്പെടെ 15 കോടി രൂപ, 12.01.2023 തീയതിയിലെ സ.ഉ(സാധാ) നം. 9/2023/വി.സ.വ. പ്രകാരം അനുവദിച്ച് നൽകിയിരുന്നു.

(സർക്കാർ കത്ത് നം. ഐ.ടി.എ 1/184/2022-ഐ.ടി.ഡി., 29-7-2023)

<u>ഭാഗം 2</u>

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ ആകെ 197 ശിപാർശകളാണുണ്ടായിരുന്നത്. അതിൽ 74 ശിപാർശകൾക്കുള്ള മറുപടി സർക്കാരിൽ നിന്നും ലഭിച്ചു. 123 ശിപാർശകളിന്മേൽ ഇനിയും മറുപടി ലഭിക്കാനുണ്ട്.

സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്.

| **ശിപാർശ/ഖണ്ഡിക നമ്പർ** | **വകുപ്പ്** |
|---|---|
| 4,5,21,31-33,36,37,<br>42,46,90,91,<br>166-169 | **നിയമ(പാർല) വകുപ്പ്** |
| 16-20,22-30, 34,35,<br>38,40,41,43-45,47-49,<br>53-89,92-128<br>176,196,197 | **ആഭ്യന്തര വകുപ്പ്** |
| 9 | **പൊതുഭരണ (ഏകോപനം) വകുപ്പ്** |
| 192-195 | **ഗതാഗത വകുപ്പ്** |

പിണറായി വിജയൻ,

*അദ്ധ്യക്ഷൻ,*

*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,

2023 ആഗസ്റ്റ് 10.